# കുടുംബത്തിനായി പ്രാർത്ഥന

1. കാരുണ്യവാനായ ദൈവമേ, അങ്ങയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ കുടും ബത്തെ അങ്ങയുടെ സ്നേഹത്തിലും സമാധാനത്തിലും എന്നും നിലനിർത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

2. കുടുംബ ജീവിതത്തിന്റെ മാന്യതയ്ക്കും പരിശുദ്ധിക്കും എതിരായ എല്ലാ പ്രവണതകളിലും നിന്ന് ഞങ്ങളെ രക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

3. ദൈവമേ, ഞങ്ങൾ പരസ്പരധാരണയും സ്നേഹവും വിശ്വസ്തതയും പുലർത്തി മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ ഇടവരുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

4. എല്ലാ നന്മകളുടേയും ദാതാവായ ദൈവമേ, സന്തോഷത്തിലും സന്താപത്തിലും സമ്പത്തിലും ദാരിദ്ര്യ ത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും അങ്ങിൽ മാത്രം ആശ്രയിച്ചു ജീവിക്കുവാൻ ഞങ്ങൾക്കു കൃപ നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

5. ദൈവമേ, ഞങ്ങളുടെ മാതാപിതാക്കന്മാർ സ്നേഹത്തിലും ഐക്യത്തിലും വിശ്വസ്തതയിലും ജീവിച്ച് ഞങ്ങൾക്കു മാതൃകയാകുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

6. ദൈവമേ അങ്ങ് ഞങ്ങൾക്കു നല്കിയ മക്കളെ (സഹോദരങ്ങളെ) എല്ലാ ആപത്തുകളിലും നിന്നു കാത്തു രക്ഷിക്കണമെന്നും അങ്ങയുടെ തിരുവിഷ്ടം നിറവേറ്റുന്നവരായി ജീവിക്കുവാൻ അവരെ പഠിപ്പിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

7. ദൈവമേ, ഈ കുടുംബത്തിൽ നിന്നു മരിച്ചുപോയ എല്ലാവരും (പേരു പറയുക) അങ്ങേ കൃപയാൽ നിത്യസൗഭാഗ്യം അനുഭവിക്കാൻ ഇടയാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

8. ദൈവമേ, ബന്ധുമിത്രാദികളും അയൽവാസികളുമായി നല്ല ബന്ധം പുലർത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

9. ദൈവമേ, അങ്ങേ ധന്യമായ നിമന്ത്രണങ്ങൾ ശ്രവിക്കുവാനും അതനുസരിച്ചു ഞങ്ങളുടെ ജീവിതാന്തസ്സു തെരഞ്ഞെടുക്കുവാനും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................

10. ദൈവമേ, ഞങ്ങളോരോരുത്തരും അങ്ങേ തിരുമനസ്സിനൊത്തവിധം ജീവിച്ച്, സ്വർഗ്ഗത്തിൽ അങ്ങേ സന്നിധിയിൽ എല്ലാ മാലാഖമാരോടും വിശുദ്ധരോടുമൊത്തു നിത്യാനന്ദത്തിൽ പങ്കുചേരുവാൻ ഇടയാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ....................